
# പ്രാർത്ഥനാ കുസുമങ്ങൾ

## ദാമോദര മാസത്തിൽ

ദിവസേന ശ്രീമദ് ഭാഗവതത്തിൽ നിന്ന്

ശുദ്ധഭക്തരുടെ പ്രാർത്ഥനകൾ

## ഭീഷ്മരുടെ പ്രാർത്ഥനകൾ



# ശ്രീമദ് ഭാഗവതം

സ്കന്ദം 1 / അദ്ധ്യായം 9 / ശ്ലോകം 32-42

**************************************************************************************

ശ്ലോകം 32

*ശ്രീ ഭീഷ്മ ഉവാച*

*ഇതി മതിരുപകല്പിതാ വിതൃഷ്ണാ*

*ഭഗവതി സാത്വതപുംഗവേ വിഭൂമ്നി*

*സ്വസുഖമുപഗതേ ക്വചിദ്വിഹർതും*

*പ്രകൃതിമുപേയുഷി യദ്ഭാവപ്രവാഹഃ*

വിവർത്തനം

ഭീഷ്മദേവൻ പറഞ്ഞു: ദീർഘകാലം, വിവിധ വിഷയങ്ങളിലും, ധർമ കർമങ്ങളിലും വ്യാപരിച്ചിരുന്ന എന്റെ വികാരങ്ങളെയും വിചാരങ്ങളെയും ആഗ്രഹങ്ങളെയും, സർവശക്തനായ ശ്രീകൃഷ്ണ ഭഗവാനിൽ പ്രതിഷ്ഠാപനം ചെയ്യാൻ എന്നെ ഇപ്പോൾ അനുവദിച്ചാലും! അദ്ദേഹം സദാ ആത്മസംതൃപ്തനാകുന്നു. എന്നാൽ, ഭക്തന്മാരുടെ സ്വാമിയാകയാൽ, ചിലപ്പോഴൊക്കെ ഭൗതിക ലോകം അദ്ദേഹത്തിന്റെതന്നെ സൃഷ്ടിയാണെങ്കിലും, ഇവിടെ അവതരിച്ച് അതീന്ദ്രിയാനന്ദം അനുഭവിക്കുന്നു.

ശ്ലോകം 33

*ത്രിഭുവനകമനം തമാലവർണം രവികരഗൗരവരാംബരം ദധാനേ*

*വപുരളകകുലാവൃതാനനാബ്ജം വിജയസഖേ രതിരസ്തു മേ£ നവദ്യാ*

വിവർത്തനം

ശ്രീകൃഷ്ണൻ, അർജുനന്റെ ഉറ്റ തോഴനാകുന്നു. തന്റെ അതീന്ദ്രിയ സ്വരൂപത്തോടുകൂടിയാണ് അദ്ദേഹം ഈ ഭൂമിയിൽ അവതരിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ആനന്ദപൂർണമായ സർവാകർഷക ശരീരം നീല വർണത്തോടുകൂടിയതും, തമാലവൃക്ഷത്തോട് സാദൃശ്യമുള്ളതുമാകുന്നു. ഉച്ച, നീച, മധ്യ തുടങ്ങിയ മൂന്നു ലോകങ്ങളിലെ ഏവരെയും അദ്ദേഹത്തിന്റെ ശരീരം ആകർഷിക്കുന്നു. അദ്ദേഹത്തിന്റെ തിളങ്ങുന്ന പീത നിറമാർന്ന ഉടയാടകളും, ചന്ദനലേപനം ചെയ്ത വദനാംബുജവും എന്നെ ആകർഷിക്കുന്ന വിഷയങ്ങളായി ഭവിക്കട്ടെ! ഞാൻ ഉദ്ദിഷ്ട ഫലകാംക്ഷയില്ലാത്തവനായിത്തീരട്ടെ!

ശ്ലോകം 34

*യുധി തുരഗരജോവിധൂമ്രവിഷ്വക്*

*കചലുളിതശ്രമവാര്യലംകൃതാസ്യേ*

*മമ നിശിതശരൈർവിഭിദ്യമാന-*

*ത്വചി വിലസത്കവചേ £ സ്തു കൃഷ്ണ ആത്മാ*

വിവർത്തനം

രണാങ്കണത്തിൽ ( ശ്രീകൃഷ്ണൻ, മിത്രമായ അർജ്ജുനനെ, മൈത്രിയുടെ പേരിൽ, അതീവ ശ്രദ്ധ നൽകി സംരക്ഷിച്ചുപോന്നു ). അശ്വങ്ങളുടെ കുളമ്പടിയാൽ ഉയർന്ന പൊടിപടലങ്ങളാൽ ശ്രീകൃഷ്ണ ഭഗവാന്റെ പാറിപ്പറക്കുന്ന തലമുടി ചാരനിറമായി മാറി. സാരഥിയായി കർമ്മം നിർവഹിക്കയാൽ, അദ്ദേഹത്തിന്റെ വദനാംബുജം വിയർപ്പുതുള്ളികളാൽ നനഞ്ഞു കുതിർന്നു. ഈ സർവവിധ അലങ്കാരങ്ങളും, എന്റെ മൂർച്ചയേറിയ ശരങ്ങളാൽ ഞാൻ ഏൽപ്പിച്ച തീവ്രമായ ക്ഷതങ്ങളുമൊക്കെ അദ്ദേഹം സന്തോഷപൂർവം ആസ്വദിച്ചു. അപ്രകാരം എന്റെ മനസ്സ് ശ്രീകൃഷ്ണനിൽ എത്തിച്ചേരാൻ അനുവദിച്ചാലും.

ശ്ലോകം 35

*സപദി സഖിവചോ നിശമ്യ മധ്യേ*

*നിജപരയോർബലയോ രഥം നിവേശ്യ*

*സ്ഥിതവതി പരസൈനികായുരക്ഷ്ണാ*

*ഹൃതവതി പാർഥസഖേ രതിർമമാസ്തു*

വിവർത്തനം

ശ്രീകൃഷ്ണ ഭഗവാൻ, തന്റെ മിത്രത്തിന്റെ ആജ്ഞ അനുസരിച്ച്, രഥം കുരുക്ഷേത്ര യുദ്ധഭൂമിയിൽ, അർജ്ജുനന്റെയും ദുര്യോധനന്റെയും സേനാവ്യൂഹങ്ങൾക്ക് മദ്ധ്യേ നിർത്തുകയും, പ്രതിയോഗികളുടെ ആയുസ്സ്, കൃപാപുരസ്സരമായ കടാക്ഷത്താൽ ലഘൂകരിക്കുകയും ചെയ്തു. ആ കൃഷ്ണനിൽ എന്റെ മനസ്സ് ഏകാഗ്രമായിരിക്കട്ടെ.

ശ്ലോകം 36

*വ്യവഹിതപൃതനാമുഖം നിരീക്ഷ്യ*

*സ്വജനവധാദ്വിമുഖസ്യ ദോഷബുദ്ധ്യാ*

*കുമതിമഹരദാത്മവിദ്യയാ യ-*

*ശ്ചരണരതിഃ പരമസ്യ തസ്യ മേ £ സ്തു*

വിവർത്തനം

അർജ്ജുനൻ, തന്റെ മുന്നിലുള്ള സേനാംഗങ്ങളെയും സൈന്യാധിപന്മാരെയും വീക്ഷിച്ച്, അജ്ഞാനത്താൽ കലങ്ങിയ മനസ്സുമായി നിന്നപ്പോൾ, ഭഗവാൻ അതീന്ദ്രിയജ്ഞാനം ഉപദേശിച്ച്, ആ അജ്ഞാനത്തെ പൂർണമായും നശിപ്പിച്ചു. അദ്ദേഹത്തിന്റെ ( ഭഗവാന്റെ ) പാദാംബുജരതിയിൽ സദാ ആകൃഷ്ടനായി ഞാൻ നിലകൊള്ളുമാറാകട്ടെ!

ശ്ലോകം 37

*സ്വനിഗമമപഹായ മത്പ്രതിജ്ഞാ–*

*മൃതമധികർത്തുമവപ്ലുതോ രഥസ്ഥഃ*

*ധൃതരഥചരണോ ഭ്യയാച്ചലദ്ഗുർ*

*ഹരിരിവഹന്തുമിഭം ഗതോത്തരീയഃ*

വിവർത്തനം

എന്റെ ( ഭീഷ്മർ ) ആഗ്രഹം നിറവേറ്റാനായി അദ്ദേഹം ( ഭഗവാൻ ) സ്വന്തം ശപഥം പരിത്യജിച്ചുകൊണ്ട് രഥത്തിൽനിന്നിറങ്ങി രഥചക്രമെടുത്തുകൊണ്ട്, ഉത്തരീയം നിലത്തു വീണതുപോലുമറിയാതെ, ദ്രുതഗതിയിൽ എന്റെ നേരെ, സിംഹം, ആനയെ കൊല്ലാനെന്നപോലെ പാഞ്ഞടുത്തു.

ശ്ലോകം 38

*ശിതവിശിഖഹതോ വിശീർണദംശഃ*

*ക്ഷതജപരിപ്ലുത ആതതായിനോ മേ*

*പ്രസഭമഭിസസാര മദ്വധാർഥം*

*സ ഭവതു മേ ഭഗവാൻ ഗതിർമുകുന്ദ*

വിവർത്തനം

മോക്ഷദായകനായ പരമദിവ്യോത്തമപുരുഷൻ ശ്രീകൃഷ്ണ ഭഗവാൻ, എന്റെ പരമ ആത്യന്തികമായ പ്രാപ്യസ്ഥാനമായിത്തീരട്ടെ. യുദ്ധഭൂമിയിൽ മൂർച്ചയേറിയ ശരങ്ങളാൽ ഞാൻ ഏൽപ്പിച്ച മുറിവുകൾ നിമിത്തം, ക്രോധത്താലെന്നപോലെ, അദ്ദേഹം എന്റെ നേരെ പാഞ്ഞടുത്തു. അദ്ദേഹ ത്തിന്റെ കവചം ഛിന്നഭിന്നമാകുകയും, മുറിവുകളാൽ അദ്ദേഹത്തിന്റെ ശരീരം രക്തപൂരിതമാകുകയും ചെയ്തു.

ശ്ലോകം 39

*വിജയരഥകുടുംബ ആത്തതോത്രേ*

*ധൃതഹയരശ്മിനി തച്ഛ്രിയേക്ഷണീയേ*

*ഭഗവതി രതിരസ്തു മേ മുമൂർഷോർ*

*യം ഇഹ നിരീക്ഷ്യ ഹതാ ഗതാഃ സ്വരൂപം*

വിവർത്തനം

മരണവേളയിൽ എന്റെ പരമമായ ആകർഷണം പരമദിവ്യോത്തമപുരുഷനായ ശ്രീകൃഷ്ണ ഭഗവാനാകട്ടെ. വലത് കരത്തിൽ ചാട്ടവാറും, ഇടത് തൃകൈയിൽ കടിഞ്ഞാണുമേന്തി, എല്ലാ തരത്തിലും അർജ്ജുനന്റെ രഥത്തെ അതീവ ശ്രദ്ധയോടെ സംരക്ഷിച്ച പാർത്ഥസാരഥിയിൽ ഞാൻ എന്റെ മനസ്സ് ഏകാഗ്രമാക്കുകയാണ്. കുരുക്ഷേത്ര യുദ്ധക്കളത്തിൽ അദ്ദേഹത്തിന്റെ ദർശനം നേടിയവർ മരണശേഷം തങ്ങളുടെ മൗലിക രൂപം പ്രാപിച്ചു.

ശ്ലോകം 40

*ലളിതഗതിവിലാസവൽഗുഹാസ-*

*പ്രണയനിരീക്ഷണകൽപിതോരുമാനാഃ*

*കൃതമനുകൃതവത്യ ഉന്മദാന്ധാഃ*

*പ്രകൃതിമഗൻ കില യസ്യ ഗോപവധ്വഃ*

വിവർത്തനം

എന്റെ മനസ്സ്, ഭഗവാൻ കൃഷ്ണനിൽത്തന്നെ ഉറച്ചുനിൽക്കേണമേ! അദ്ദേഹത്തിന്റെ ചലനങ്ങളും, പ്രേമപൂർവമായ മന്ദഹാസവും വ്രജഭൂമിയിലെ കന്യകമാരെ മോഹിപ്പിച്ച് ആനന്ദപരവശരാക്കി. വ്രജകന്യകമാർ ഭഗവാന്റെ സവിശേഷമായ ചലനങ്ങളെ അനുകരിച്ചു. ( രാസനൃത്തത്തിൽ നിന്നും ഭഗവാൻ അപ്രത്യക്ഷമായപ്പോൾ )

ശ്ലോകം 41

*മുനിഗണനൃപവര്യസംകുലേ £ന്തഃ-*

*സദസി യുധിഷ്ഠിരരാജസൂയ ഏഷാം*

*അർഹണമുപപേദ ഈക്ഷണീയോ*

*മമ ദൃശിഗോചര ഏഷ ആവിരാത്മാ*

വിവർത്തനം

മഹാരാജാവ് യുധിഷ്ഠിരനാൽ അനുഷ്ഠിക്കപ്പെട്ട രാജസൂയ യജ്ഞത്തിൽ ലോകത്തിലെ എല്ലാ വിശിഷ്ട വ്യക്തികളും, ആഢ്യരും, രാജാക്കന്മാരും, പണ്ഡിതരും സമ്മേളിച്ചു. ആ മഹാസദസ്സിൽ ശ്രീകൃഷ്ണ ഭഗവാനെ അത്യുദാത്തനായ പരമദിവ്യോത്തമപുരുഷനായി ഏവരും ആരാധിച്ചു. ഇപ്രകാരം ആരാധിച്ചത് എന്റെ സാന്നിധ്യത്തിലായിരുന്നു. അങ്ങനെ, ഭഗവാനിൽ എന്റെ മനസ്സിനെ സ്ഥിതമാക്കുവാൻ ഞാൻ ഈ സംഭവത്തെ സ്മരിച്ചു.

*ശ്ലോകം 42*

*തമിമമഹമജം ശരീരഭാജാം*

*ഹൃദി ഹൃദി ധിഷ്ഠിതമാത്മകൽപിതാനാം*

*പ്രതിദൃശമിവ നൈകധാർകമേകം*

*സമധിഗതോ £ സ്മി വിധൂതഭേദമോഹഃ*

വിവർത്തനം

ഇപ്പോൾ എന്റെ മുന്നിൽ അവതരിച്ചിരിക്കുന്ന ഏകാവലംബവും ഏകാശ്രയവുമായ ആ ഏക ഭഗവാനായ ശ്രീകൃഷ്ണ ഭഗവാനെ എനിക്ക് പൂർണ ഏകാഗ്രതയോടുകൂടി ആരാധിക്കാൻ കഴിയുന്നു. തന്നിമിത്തം ഇപ്പോൾ ഏവരുടെയും ഹൃദയത്തിൽ, മാനസിക വിചക്ഷകന്മാരുടെ പോലും ഹൃദയത്തിൽ അചിന്ത്യവൈഭവനായി കുടികൊള്ളുന്ന ഭഗവാന്റെ സാന്നിധ്യത്തെ സംബന്ധിച്ച 'ദ്വൈത'മെന്ന മിഥ്യാ സങ്കൽപത്തെ ഞാൻ അധഃകരിച്ചിരിക്കുന്നു. അദ്ദേഹം ഏവരുടെയും ഹൃദയത്തിൽ കുടികൊള്ളുന്നു. സൂര്യനെ വ്യത്യസ്തമായി ദർശിക്കുന്നുവെങ്കിൽത്തന്നെയും, സൂര്യൻ ഏകമാകുന്നു.




# ഹരേ കൃഷ്ണ 🙏

**ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്ന് ടെലഗ്രാം ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യുക അതിനു ശേഷം താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .**

ടെലഗ്രാം :- https://t.me/suddhabhaktimalayalam

വെബ്സൈറ്റ് :- www.suddhabhaktimalayalam.com

ഫേസ്ബുക്ക് :- ശുദ്ധഭക്തി / Suddha Bhakti

ഇതുപോലെയുള്ള ആത്മീയ വിഷയങ്ങൾ വായിക്കുവാനായി താഴെക്കാണുന്ന ലിങ്ക് പിൻതുടരുക .:– ശുദ്ധാ ഭക്തി വാട്സ്ആപ്പ് ഗ്രൂപ്പ് ശുദ്ധാ ഭക്തി ടെലഗ്രാം ഗ്രൂപ്പ്
www.suddhabhaktimalayalam.com



**ശ്രീമദ് ഭഗവദ്ഗീത, ശ്രീമദ്ഭാഗവതം മുതലായ പൂർവ്വാചാര്യന്മാരാൽ അംഗീകരിക്കപ്പെട്ട വേദശാസ്ത്രങ്ങൾ വാങ്ങി വായിക്കുവാൻ അരികിലുള്ള അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതി (ISKCON)കേന്ദ്രങ്ങളിൽ ബന്ധപ്പെടുവാൻ അപേക്ഷിക്കുന്നു.**



**ഹരേ കൃഷ്ണ ഹരേ കൃഷ്ണ കൃഷ്ണ കൃഷ്ണ ഹരേ ഹരേ**
**ഹരേ രാമ ഹരേ രാമ രാമ രാമ ഹരേ ഹരേ**

# കേരളത്തിലെ ഇസ്കോൺ കേന്ദ്രങ്ങൾ

തിരുവനന്തപുരം : ശ്രീകൃഷ്ണ ബലരാമക്ഷേത്രം, പള്ളിച്ചൽ തോട് ജംഗ്ഷൻ, പ്രാവച്ചമ്പലം, തിരുവനന്തപുരം 695020

തിരുവനന്തപുരം : റ്റി.സി.24/1073, ഹരേ കൃഷ്ണ റോഡ്, തൈക്കാട്, തിരുവനന്തപുരം – 695014, ഫോ: 0471 2328197

ഗുരുവായൂർ : ഹരേ കൃഷ്ണ ലാന്റ്, പടിഞ്ഞാറേ നട, ഗുരുവായൂർ – 680101, ഫോൺ: 0487–2555886

കൊച്ചി : PLRA 19, 'നാരായണം', പോണോത്ത് ലെയിൻ, ദാസ്റോഡ്, കലൂർ,കൊച്ചി – 0484 – 2343892, 9946990900

തൃശ്ശൂർ : മച്ചിങ്ങൽ ലൈൻ, എം.ജി റോഡ്, നായ്ക്കനാൽ, തൃശ്ശൂർ – 680 001. ഫോൺ : 9037008108

# നാമഹട്ടകൾ (സത്സംഗം നടക്കുന്ന സ്ഥലങ്ങൾ

തൃശ്ശൂർ:ഹരേകൃഷ്ണ സത്സംഗം, നമ്പൂതിരി വിദ്യാലയം, വിജയശ്രീ കണ്ണാശുപത്രിക്ക സമീപം, കോട്ടപ്പുറം, തൃശ്ശൂർ, ഫോൺ 9746286624

തൃശ്ശൂർ: അരവിന്ദം, അയ്യന്തോൾ, തൃശ്ശൂർ, ഫോൺ : 9495013240

ചാവക്കാട് : ഹരേ കൃഷ്ണ നിവാസ്, ബ്ലാങ്ങാട്, ഇരട്ടപ്പുഴ, ചാവക്കാട് – 680506, ഫോൺ : 9947811009

തൃപ്പൂണിത്തുറ : "ശരണ്യ, NSS ഹൈസ്കൂളിന് എതിർവശം, തൃപ്പൂണിത്തുറ, 0484 – 2776905

തൃപ്പൂണിത്തുറ : "തുളസീദളം", മന്ദനം ജങ്ക്ഷൻ, ഏരൂർ വെസ്റ്റ്, തൃപ്പൂണിത്തുറ, 0484 – 2114230

പാലക്കാട് : ഹരേ കൃഷ്ണ സത്സംഗം, NO.10 രാമകൃപ, ഈസ്റ്റ് കോളനി, അബൂബക്കർ റോഡ്, KSRTC യ്ക്ക സമീപം, പാലക്കാട്, – 678014, ഫോൺ :9447172851

മേനോൻപാറ : "ഹരേകൃഷ്ണാലയം", മെയിൻ റോഡ്, മേനോൻപാറ, മേനോൻപാറ പോസ്റ്റ്, പാലക്കാട്, പിൻ : 678556, ഫോൺ : 9447172851

കഞ്ചിക്കോട് : ഹരേ കൃഷ്ണ സത്സംഗം, പുത്തൻ പാടം, കണ്ണോട്, കഞ്ചിക്കോട് പിൻ: 678621, ഫോൺ : 9080047175

നെന്മാറ: "ഹരേ കൃഷ്ണ", നാരായണ ദന്തൽ ക്ലിനിക്കിന് എതിർവശം, നെന്മാറ, പാലക്കാട് – 678508, ഫോൺ :9446238587

അയിലൂർ : "ജയ രാധേ", നോർത്ത് സ്ട്രീറ്റ്, അയിലൂർ ഗ്രാമം, പാലക്കാട് – 678510, ഫോൺ : 9496336108, 9349516108

മണ്ണുത്തി : അമ്പാടി, വെസ്റ്റ് വെള്ളാനിക്കര, മാടക്കത്തറ പോസ്റ്റ് – 680651, മണ്ണുത്തി, ഫോൺ : 0487 2372161

കണ്ണൂർ : മൂപ്പൻ പാറ, വളപട്ടണം പോസ്റ്റ് ഓഫീസ്, കണ്ണൂർ, ഫോൺ :

0497 2775299, 09539372347, 9400115455

കണ്ണൂർ: ഹരേ കൃഷ്ണ സത്സംഗം, കഴിക്കുന്ന് ജങ്ഷൻ, ചാലാട് റോഡ്, കണ്ണൂർ, കേരള. പിൻ : 670001, ഫോൺ : 9895258194, 9495586194.

കാസർഗോഡ് : ശ്രീ ശ്രീ രാധാ മാധവ സത്സംഗ്, ഇസ്കോൺ ലാൻഡ്, മാധവ് ബാഗ്, ബോവിക്കാന പി. ഒ, മുളിയാർ, കാസർഗോഡ് – 671542, ഫോൺ : 9820072708

കോട്ടയം : ഹരേ കൃഷ്ണസത്സംഗം, അക്കരമഠം, തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം, തിരുവാർപ്പ് പോസ്റ്റ്, കോട്ടയം, പിൻ : 686033 ഫോൺ : 9895259781, 9037808016, 9497666004

പുതുക്കാട്: NSS കരയോഗം ഹാൾ, മുപ്ലിയം, പുതുക്കാട്, ഫോൺ: 0480 2783066

പാറശ്ശാല : ഹരേകൃഷ്ണ ക്ഷേത്രം, നെട്ടുവാൻ വിള, പാറശ്ശാല, ഫോൺ : 0471–2200086

തിരൂർ : ചെറുതൃക്കോവിൽ ശ്രീകൃഷ്ണക്ഷേത്രം, തൃക്കണ്ടിയൂർ, തിരൂർ, ഫോൺ : 9846498362, 9895728410

തിരൂർ : കരവാറ്റ കാവു ക്ഷേത്രം, സൗത്ത് അന്നാറ, തിരൂർ, ഫോൺ : 9846498362, 9895728410

തിരുനാവായ : നാവാമുകുന്ദ ക്ഷേത്രം, ഫോൺ : 9895728410, 9846498362, 8943137661

എടപ്പാൾ : പാണ്ഡവക്കര മഹാവിഷ്ണു ക്ഷേത്രം, ഫോൺ : 9895728410, 8943137661


എടപ്പാൾ: കൊളങ്കര ദേവീക്ഷേത്രം, ഫോൺ : 9895728410, 8943137661

ഇരിഞ്ഞാലക്കുട : ഹരേ കൃഷ്ണ സത്സംഗം, ഭാരതീയ കലാക്ഷേത്രം, സൂര്യ റോഡ് സൗത്ത്, ചെട്ടിപറമ്പ്, ഇരിഞ്ഞാലക്കുട, പിൻ – 680121, ഫോൺ : 9387973525, 8848967770

കോഴിക്കോട് : ബുള്ളിയൺ ആർക്കേഡ്, പി.വി.സാമി റോഡ്, ചാലപ്പുറം (റെയിൽവേ സ്റ്റേഷനു സമീപം) ഫോൺ : 9400989634, 9497760342

ശ്രീനാഥ്ജി നാമഹട്ട : ആറ്റപ്പാടം, കിൻഫ്രാ പാർക്ക് പോസ്റ്റ്, കൊരട്ടി – 680309, ഫോൺ : 9846971510

പയ്യോളി : ഹരേ കൃഷ്ണ ധർമ്മാലയ, റെയിൽവേ സ്റ്റേഷനു സമീപം, പയ്യോളി, ഫോൺ : 9526582898, 9745945005



**ദിവ്യപൂജ്യ ശ്രീ ശ്രീമദ്**

**എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദർ**

**അന്താരാഷ്ട്ര കൃഷ്ണാവബോധ സമിതിയുടെ സ്ഥാപകാചാര്യൻ**